പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## പോലീസ് സേനയെ മികവുറ്റതാക്കാനുള്ള നടപടികൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *438 — 21/03/2018-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എം.വിൻസെന്റ്
ശ്രീ.ഹൈബി ഈഡൻ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി പോലീസിൽ വെവ്വേറെ വിഭാഗങ്ങൾ രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദീകരിക്കാമോ; | (എ) | ക്രമസമാധാനപാലനവും കേസന്വേഷണവും മികവുറ്റതാക്കുന്നതിന് 21/10/2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.211/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.മാരുടെ ചാർജ്ജ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുള്ളതും സ്റ്റേഷനുകളിലെ സേനാംഗങ്ങളെ ക്രമസമാധാനപാലനത്തിനും കേസന്വേഷണത്തിനുമായി വേർതിരിച്ച് നൽകിയിട്ടുള്ളതും ആകുന്നു. ഇപ്രകാരം 203 പോലീസ് ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ.മാരായി ചുമതല വഹിച്ചു വരുന്നു. ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരാകുമ്പോൾ കേസന്വേഷണവും ഗൗരവമുള്ള പരാതികളും തീർപ്പാക്കുന്നതിന് അവരുടെ അനുഭവ സമ്പത്തും പരിജ്ഞാനവും ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാർ ചുമതല വഹിക്കുന്നതിലൂടെ പോലീസ് സ്റ്റേഷനുകളുടെ ഭരണ നിർവഹണവും, കാര്യക്ഷമതയും മെച്ചപ്പെടുതിന് പുറമെ സബ് ഇൻസ്പക്ടർമാരുടെ ജോലി ഭാരം കുറയുകയും കാര്യക്ഷമത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ക്രമസമാധാന പാലനവും കേസന്വേഷണവും വേർതിരിക്കുക വഴി |

| | | | |
|---|---|---|---|
| | | | പോലീസ് സേവനത്തിൽ പ്രൊഫഷണലിസം കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. പോലീസ് സേനയുടെ അംഗബലത്തിലെ അപര്യാപ്തത പ്രസ്തുത പദ്ധതി പൂർണ്ണമായ രീതിയിൽ നടപ്പിലാക്കാൻ തടസമാകുന്നുണ്ട്.അത് പരിഹരിക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രമാദമായ കേസ്സുകളുടെ അന്വേഷണം കേന്ദ്ര അന്വേഷണ ഏജൻസിയെ ഏൽപ്പിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ; | (ബി) | കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്ന വസ്തുത അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായ കുറ്റാന്വേഷണ രീതി അവലംബിച്ചുകൊണ്ട് ക്ലേശകരമായ കേസ് അന്വേഷണം പൂർത്തിയാക്കുന്നതിനും. നിയമപരിപാലനം ഉറപ്പാക്കുന്നതിനും പോലീസ് പരമാവധി ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രമാദമായ കേസ്സുകളുടെ അന്വേഷണം ബഹു. കോടതിയുടെ നിർദ്ദേശ പ്രകാരമോ, പൊതുജന താല്പാര്യാർത്ഥമോ സർക്കാർ തീരുമാന പ്രകാരമോ സംസ്ഥാന പോലീസിന്റെ അധികാര പരിധിക്ക് പുറത്തുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടതോ ആയ കേസുകളിലാണ് കേന്ദ്ര അന്വേഷണ ഏജൻസിയെ ഏൽപ്പിക്കുന്ന സാഹചര്യം ഉണ്ടാകുന്നത്. അത്തരം സാഹചര്യങ്ങൾ ഇല്ലാത്ത കേസുകളിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ ആവശ്യമില്ല. |
| (സി) | കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്നത് വസ്തുതയാണെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ കേസന്വേഷണം ശരിയായി നടത്തുന്നതിലും നിയമ പരിപാലനം ഉറപ്പാക്കുന്നതിലും കേരള പോലീസ് പരാജയപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;? | (സി) | കേസന്വേഷണം ശരിയായി നടത്തുന്നതിലും നിയമ പരിപാലനം ഉറപ്പാക്കുന്നതിലും കേരള പോലീസ് പരാജയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.ഇന്ത്യയിലെ ഏതൊരു അന്വേഷണ ഏജൻസിക്കൊപ്പവും മികവുറ്റ പ്രവർത്തനം കേസന്വേഷണത്തിൽ കാഴ്ചവയ്ക്കുന്ന മാതൃകാപരമായ സേനാവിഭാഗമാണ് കേരള പോലീസ്. ഈ അടുത്ത കാലത്ത് നടന്ന പ്രമാദമായ ഒട്ടേറെ കേസുകൾ ചുരുങ്ങിയ കാലം കൊണ്ട് ഫലപ്രദമായി അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിന് മുന്നിൽ എത്തിക്കാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ട്.<br><br>കേരള പോലീസിലേയ്ക്ക് പോലീസ് കോൺസ്റ്റബിൾ, എസ്.ഐ. തുടങ്ങിയ |

| | | | |
|---|---|---|---|
| | | | തസ്തികകളിലേയ്ക്കായി നടക്കുന്ന 9 മാസം മുതൽ 1 വർഷം വരെയുള്ള പരിശീലന കാലയളവിൽ കുറ്റാന്വേഷണം സംബന്ധിച്ചും ബന്ധപ്പെട്ട വിവിധ നിയമങ്ങളെ സംബന്ധിച്ചും പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ കാലകാലങ്ങളിൽ മേൽ വിഷയങ്ങളിൽ റിഫ്രഷർ കോഴ്സുകളും നടത്തിവരുന്നുണ്ട്. ഈ വർഷം ട്രെയിനിംഗ് വർഷമായി പ്രഖ്യാപിച്ച് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും വിവിധ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കുറ്റാന്വേഷണം ഉൾപ്പെടെയുള്ള പ്രധാന വിഷയങ്ങളിൽ സി.ഐ.മുതലുള്ള മേലുദ്യോഗസ്ഥർക്ക് പ്രാഗല്ഭ്യം വർദ്ധിപ്പിക്കുന്നതിന് കേരള പോലീസ് അക്കാഡമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലായി പുതിയ പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.കൂടാതെ കാലോചിതമായി ട്രെയിനിംഗ് സിലബസ്സ് പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വികരിച്ചുവരുന്നു. |



സെക്ഷൻ ഓഫീസർ